

# നെല്ലിമരച്ചോട്ടിൽ

little KITEs

പി ആർ എം കൊളവല്ലൂർ ഹയരസെക്കണ്ടറി സ്കൂൾ

# ആമുഖം

പി.ആർ.എം.കൊളവല്ലൂർ ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഒൻപതാം ക്ലാസ്സിലെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി സ്ക്രൈബസ് ഡി.ടി.പി സോഫ്റ്റ് വെയർഉപയോഗിച്ച്നിർമ്മിച്ച,വിദ്യാർത്ഥികളുടെ തന്നെ കലാസൃഷ്ടികൾ ആണ് നെല്ലിമരച്ചോട്ടിൽ

# അതിജീവനം

ആരും ഭയക്കുന്ന മഹാമാരി
ഒരുനാൾ നമ്മുടെ നാട്ടിലും
അതിൽ കഠോര വിഷം വിതറി
കൊറോണയെന്ന രോഗം പടർത്തി
കോവിഡ് എന്ന ഭീകരൻ
കൂട്ടം തെറ്റിച്ചും ബൂസ്റ്റർ എടുത്തും
മാസ്ക് വച്ചും അകലം പാലിച്ചും
ചെറുത്ത നിർത്തിയ അതിജീവനകാലം.
ജീവനെടുത്തും ദുരിതത്തിൽ
ആഴ്ത്തിയും
കൊറോണയും കോവിഡും
ജന മനസ്സിൽ എന്നെന്നും.

അനുഷ്ക വി.ആർ
7 G



# അരുവി

തണലുകൾക്കൊരുമയായി ഇന്നലെ കണ്ടൊരാമിന്നത്തെ
നന്മകൾ
കുളിരുകൾ കാഹളം ചേതന തോരവേ
താണ്ഡവമടിക്കയായ് എൻ ജീവൻ
ആർപിതരാവുകളിന്നലെ രുകമീ
കിളികൾക്കിടയിലെ തേരുപോലെ
ഇരുട്ടിൽ വെളിച്ചമാം ചില്ലകൾ അരുവികൾക്കാദ്യമായി
ദീപമീഹാരം ഹാർദ്രവമാരാവിൻ മേലുകളോരോന്നും
കാർമേഘപാളികൾ ഹൃദയതാളം

അഹൽ
10 ജി

# കണ്ണാടി



ഞാനൊരുപാട് മുഖങ്ങൾ കണ്ടിട്ടുണ്ട്
കണ്ണീരിൻ്റെ കയ്പ് നുകർന്ന ഭാവങ്ങൾ കണ്ട് ഞാൻ
ചിരിച്ചിട്ടുണ്ട്

തന്റെ സൗന്ദര്യം ആസ്വദിക്കുന്നത് വരെ
ഞാൻ കളിയാക്കിയിട്ടുണ്ട്
എല്ലാം ഞാൻ പകർത്തിയിട്ടുണ്ട്

എല്ലാം നിന്നിൽ അലിഞ്ഞിട്ടുണ്ട്
ഒരുപാട് പേർ ലയിച്ച
എന്നെ തിരഞ്ഞപ്പോൾ എനിക്ക് എന്നെ കിട്ടിയത്
ആരോ പൊട്ടിച്ചെറിഞ്ഞ തുണ്ട് ചില്ലുകഷ്ണങ്ങളായാണ്.

സൂര്യനന്ദ
10 ജി



# സൂര്യൻ എന്റെ കൈ പിടിക്കുന്നു



ശൂന്യമാം എൻ മനസ്സിൽ
സ്നേഹമായി ഉദിച്ച സൂര്യാ
നിന്നെ ഞാൻ നമിക്കുന്നു
പ്രകൃതിയിലും പാഠപുസ്തകത്തിലും
ഞാൻ നിൻ സാന്നിധ്യമറിയുന്നു
അടുക്കും തോറും അകലേക്ക് പോകുന്ന
സൂര്യാ...
നീ അർത്ഥമാക്കുമല്ലോ....
ഉയരങ്ങൾ സ്വപ്നം കാണാൻ നീ
എനിക്ക് തുണയല്ലോ
ജീവിത വിജയത്തിലേക്ക് പാറാൻ
നീ എനിക്ക് ചിറകല്ലോ
സർവ്വവും പ്രകാശമാകും
അറിവാകും സൂര്യാനീ
നിത്യവും എന്റെ കൈപിടിക്കും
ഞാൻ നിന്റെയും.

# പൂന്തോട്ടം

പൂന്തോട്ടം അഴകേറുന്ന ഒരു പൂന്തോട്ടം
പൂന്തോട്ടത്തിൽ പൂവുണ്ട്
പൂമണമേറും പൂന്തോട്ടം
പല വർണ്ണത്തിൽ പൂവുണ്ട്
മഴവിൽ അഴകാം പൂന്തോട്ടം
പൂന്തോട്ടത്തിൽ വണ്ടുണ്ട്
വണ്ടിനു നുകരാൻ പൂക്കൾ നിറയെ
മധുരംകിനിയും തേനുണ്ട്.
പാറിനടക്കും പൂമ്പാറ്റ
അഴകേറുന്ന ഒരു പൂമ്പാറ്റ
പൂവുകൾ തോറും പാറി നടക്കും
പൂമ്പൊടി പാറ്റാൻ വരുമെന്നും.
മൂളിപ്പാട്ടും പാടി വരുന്നൊരു
കുഞ്ഞിക്കാറ്റും വരവായി
പൂമണമേറി വരുന്നൊരു കാറ്റേ
പൂവിൻ സുഗന്ധവും വന്നല്ലോ.

.ഷസ്ന
9G



# എൻ സഖി

അറിയാതെ എൻ ഉള്ളിൽ ഒരു ഇടിനാളമായി
പിന്നീട് ഈറൻ കാറ്റിലൂടെ
കൊടുങ്കാറ്റായി മാറി എന്നെ പുണർന്ന
മധുമഴയായി തീർന്നു നീ.
നിന്റെ മിഴികളിൽ ജ്വലിക്കും ദീപങ്ങളോളം
പ്രഭ മറ്റെന്തിനാണ്
ശതകോടി സൂര്യന്മാർ പോലും നിഷ്പ്രഭം
അതിൻ മുൻപിൽ.
പാട്ടും കുയിൽ പാട്ടിനേക്കാൾ എത്ര
മാധുര്യം നിൻ സ്വരം.
നേർത്ത ലിൻ നിശ്വാസം പോലും
നിശ്ചലമാക്കീടും എൻ ഹൃദയതാളം.
എത്ര ജന്മം ജനിച്ചാലും എന്നിൽ പെത്ത്
തീരാത്ത മാരിപ്പെയാത്താണ് നിൻ പ്രണയം..
അത്രമേൽ നീയെനിക്ക് പ്രാണനായി
തീർന്നു എൻ സഖീ.....






കശ്യപ് 8G

# താഴ്വരയുടെ തേങ്ങൽ

നിശബ്ദ താഴ്വര തേങ്ങി
നിസ്വരം താഴ്ത്തി
കുഞ്ഞിനെ വേർപ്പെട്ട മാതാവുപോൽ
തോരാത്ത
കണ്ണീരുമായി മൂളുന്നു
കേഴുന്ന രാക്കിളിക്കൂട്ടമിന്ന്.
ഒരുപാടുപേർക്ക് തണലും
ജീവികൾക്കഭയവും കാറ്റും കുളിർമയുമാം
ഒരു വടവൃക്ഷം വീണു.
അതുകണ്ട്, താഴ്വര തേങ്ങിനിന്നു
പുഴകളോ പൊട്ടിക്കരഞ്ഞുപോയീ
ഉലകമോ ഞെട്ടിത്തരിച്ചിരുന്നു.
രാത്രി മഴപോലെ ചിങ്ങിച്ചിണുങ്ങുന്നു
ആർത്തലച്ചീടും ജലധാരയും.
പൊട്ടിക്കരയും പുഴകൾതൻ തേങ്ങലിൽ
ഞെട്ടിത്തരിക്കുന്നു വിണ്ടലവും.



നേർത്ത നിലനിളിയൊച്ച മുഴങ്ങുന്നു
പൂത്ത മരങ്ങൾ നിറഞ്ഞ കാട്ടിൽ
മണ്ണും മരങ്ങളും വിണ്ണും കരയുന്നു
നെഞ്ചം തകർന്നുള്ള വേദനയിൽ.
ഹൃദയവാം കോവിലിൽ വാണരുളും
അഗതികൾക്ക് ആശ്രയമായ ഒരമ്മ,
വിഗതമോഹങ്ങളുപേക്ഷിച്ചുപോയ്
സുകൃതം നിറഞ്ഞ തപസ്സിനിയായ്
ഇനിയൊരു ജന്മമേ പുണ്യഭൂമിയിൽ
മരമായി പിറക്കുവാൻ മോഹമോടെ
പുണ്യവതിയാകുമമ്മയിന്ന്
മണ്ണു വെടിഞ്ഞങ്ങകന്നുപോയി .
മണ്ണും മരങ്ങളും ഉള്ള കാലം
മഞ്ഞിൽ നിൻവൃതി മറിഞ്ഞിടില്ല.

ഷാരോൺ സുനിൽ
IX H

# ക്രൂരത

ഒരിടത്ത് ഒരു നഗരത്തിൽ ജ്യോതി എന്ന ഒരുദ്യോഗസ്ഥനുണ്ടായിരുന്നു. ജ്യോതി പുതിയ ഫാക്ടറി തുടങ്ങാൻ ആയിരുന്നു പ്ലാൻ ഒരുക്കിയത്. അതിനുവേണ്ടി ഒരുപാട് സെൻ്റ് സ്ഥലം ആവശ്യമായിരുന്നു. ഏറെ സ്ഥലം നോക്കിയിട്ടും ഒരു സ്ഥലം മാത്രമാണ് ജ്യോതിക്ക് ഇഷ്ടമായത്. അത് ഒരു വനമായിരുന്നു. നിർമ്മിക്കാനുള്ള ഏർപ്പാടുകൾ ചെയ്തു .അതിനു വേണ്ടി കാട്ടിലെ എല്ലാ മരങ്ങളും വെട്ടേണ്ടി വന്നു .മരത്തിലെ കിളികളുടെ കൂടും മുട്ടയും ഓരോന്നോരോന്നായി നശിപ്പിച്ചു തുടങ്ങി. മൃഗങ്ങൾക്കെല്ലാം അവിടെ വസിക്കാൻ കഴിയാതായി. ഏറെ നേരത്തെ ഇലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ടുള്ള ജോലിയുടെ ശബ്ദം കേട്ട് മൃഗങ്ങൾ നഗരത്തിലേക്ക് വരികയും അവിടെയുള്ള സാധനങ്ങൾ നശിപ്പിച്ചു തുടങ്ങുകയും ചെയ്തു. മനുഷ്യരെ വേട്ടയാടാനും തുടങ്ങി .ജ്യോതിയുടെ മകളും ആ കൂട്ടത്തിൽ പെട്ടിരുന്നു. മകളെ നഷ്ടപ്പെട്ട ജ്യോതിക്ക് അപ്പോഴാണ് ഓർമ്മ വന്നത്, താൻ പണ്ട് ഫാക്ടറിയുടെ നിർമ്മാണം നടക്കുന്ന സമയത്ത് മൃഗങ്ങളെ വേട്ടയാടി ഭക്ഷിച്ചത്. അപ്പോഴാണ് അവൻ തിരിച്ചറിഞ്ഞത് അവൻ കാരണമാണ് മകളെ നഷ്ടപ്പെട്ടത്.അതിനുശേഷം വേട്ടയാടാനും മരങ്ങൾ വെട്ടി നശിപ്പിക്കാനും പോയില്ല.



# സൗന്ദര്യവും ഉപയോഗവും





